നബാർഡിന്റെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന മരാമത്ത് പണികൾ

280 [2337] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) നാദാപുരം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി പണിയുന്ന തൊട്ടിൽപാലം, തുരുത്തിമുക്ക് പാലം, മേമലകുരുടുൻ കടവ് പാലം, കായലോട്ട് താഴെ പാലം തുടങ്ങിയ പാലങ്ങളുടെ ഓരോന്നിന്റെയും കാര്യത്തിൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) നബാർഡിന്റെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെയും പാലങ്ങളുടെയും പണികളാണ് നടത്തിവരുന്നത്.

(ബി) പാലങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

അകംപാടം വെറ്റിലപ്പാറ റോഡിന് നബാർഡിന്റെ അംഗീകാരം

281 [2338] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അകംപാടം വെറ്റിലപ്പാറ റോഡിന് നബാർഡ് സ്കീമിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിന്റെ പണി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഇതു സംബന്ധിച്ച ശുപാർശകൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

എക്സ്പ്രസ്സ് ഹൈവേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ

282 [2339] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന എക്സ്പ്രസ്സ് ഹൈവേ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ ആന്റ് ബി) ILFS കമ്പനിയും കേരള സർക്കാരും ചേർന്ന് ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി "കേരള ഹൈസ്പീഡ് കോറിഡോർ കമ്പനി ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി ഉണ്ടാക്കിയിട്ടുണ്ട്. മഞ്ചേശ്വരം മുതൽ പാറശാലവരെയുള്ള അതിവേഗ പാതയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് പ്രകാരം വിശദമായ രൂപരേഖ ഉണ്ടാക്കാനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 2005-ാമാണ്ട് പകുതിയോടുകൂടി ഏകദേശം 200 കി. മീ. പാതയുടെ പണി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

റോഡ്പണികൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനു തീരുമാനങ്ങൾ

283 [2340] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, എൻ. രാജൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പണികൾക്കു കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly